# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*

No.138/PR/PIC/PHQ/18    Date : 02.06.2018

## അറസ്റ്റ് ചെയ്തു

*അങ്കിള്‍* എന്ന മലയാള സിനിമ TR lover എന്ന പേരില്‍ പകര്‍ത്തി നല്‍കി പണം കൈപ്പറ്റാന്‍ ശ്രമിച്ച *സ്റ്റോപ്പ് പൈറസി* ഉടമ തുഷാറിനെ ആന്റിപൈറസി സെല്‍ അറസ്റ്റ് ചെയ്തു. പൈറസി തടയുന്നതിനായി പല സിനിമാ നിര്‍മ്മാതാക്കളുമായി എഗ്രിമെന്റ് ഉണ്ടാക്കിയുട്ടുള്ളയാളാണ് ഇയാള്‍. റിലീസായി ഏതാനു ദിവസങ്ങള്‍ക്കുള്ളില്‍ തന്നെ *അങ്കിള്‍* എന്ന സിനിമയുടെ വ്യാജ തീയേറ്റര്‍ പകര്‍പ്പ് ടെലിഗ്രാം ചാനല്‍ വഴി പൈറസി സൈറ്റായ Zippymoviez.date - ല്‍ പ്രദര്‍ശിപ്പിച്ച് നിര്‍മ്മാതാവിന് വന്‍ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിരുന്നു. പലപ്പോഴും ഇത്തരക്കാരുടെ വിദ്യാഭ്യാസ യോഗ്യതയോ, മറ്റ് കാര്യങ്ങളോ എങ്ങനെയാണ് പൈറസി തടയുന്നത് എന്നതുപോലും അന്വേഷിക്കാതെയാണ് നിര്‍മ്മാതാക്കള്‍ ഈ സംഘങ്ങള്‍ക്ക് പണം നല്‍കിയിരുന്നത്. തുടര്‍ന്ന് ഇത് സംബന്ധിച്ച ക്രൈം ബ്രാഞ്ച് ആന്റിപൈറസി സെല്ലില്‍ ലഭിച്ച പരാതിയെ തുടര്‍ന്ന് നടത്തിയ അന്വേഷണത്തിലാണ് അറസ്റ്റ്. ഇന്റര്‍നെറ്റിലെ Temporary G mail മുഖേന വ്യാജ അക്കൗണ്ട് ഉണ്ടാക്കി TR loverഎന്ന പേരില്‍ Zippymoviez എന്ന സൈറ്റിലേക്ക് സിനിമ പകര്‍ത്തി നല്‍കുകയാണ് പ്രതി ചെയ്തത്.

പുതിയ സിനിമകള്‍ റിലീസായാല്‍ ഉടന്‍ തന്നെ അവ നെറ്റില്‍ അപ് ലോഡ് ചെയ്യാന്‍ സാദ്ധ്യതയുണ്ട് എന്ന് പ്രീ പോസ്റ്റുകള്‍ ഉണ്ടാക്കി പ്രൊഡ്യൂസര്‍മാരെ സമീപിച്ച് പണം പറ്റുന്ന രീതിയാണ് ഇത്തരം സംഘങ്ങളുടേത്. പുതിയ സിനിമകള്‍ ഇന്റര്‍നെറ്റില്‍ വരാതിരിക്കാനായി ഒരു മാസത്തേയ്ക്ക് 60,000 രൂപ മുതല്‍ ഒരു ലക്ഷം രൂപ വരെയാണ് പൈറസി തടയുന്നതിനായി ഈ സംഘങ്ങള്‍ കൈപ്പറ്റുന്നത്.

ആന്റിപൈറസി സെല്‍ എസ്.പി ബി.കെ പ്രശാന്തന്‍ കാണിയുടെ നേതൃത്വത്തില്‍ ഡിക്ടറ്റീവ് ഇന്‍സ്പെക്ടര്‍ പി.എസ് രാകേഷ്, സീനിയര്‍ സിവില്‍ പോലീസ് ഓഫീസര്‍മാരായ സ്റ്റാന്‍ലി ജോണ്‍, ഹാത്തിം, അദിന്‍, അശോക്, എന്നിവര്‍ ചേര്‍ന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ടെലിഗ്രാം, വാട്ട്സ് ആപ്പ് തുടങ്ങിയ സോഷ്യല്‍ മീഡിയ വഴി സിനിമകള്‍ പകര്‍ത്തുന്നവര്‍ക്കെതിരെയും, ഇത്തരത്തില്‍ പണം തട്ടുന്നവര്‍ക്കെതിരെയും നടപടികളെടുക്കുമെന്ന് ബി.കെ പ്രശാന്തന്‍ കാണി അറിയിച്ചു.

*********